HED
03/12/21.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1397*(2)/2019*/***എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(*ഫയൽ നമ്പർ* **8992**/*എസ്.ഐ.സി-ജി* ***6/2019)***

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ്,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി,
ജനമിത്രം കുടുംബക്ഷേമ നീതിവേദി,
അബ്ബാ ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,
കോഴിക്കോട് – 673 001.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട്(ജി) സെക്ഷൻ, താമരശ്ശേരി താലൂക്ക് ഓഫീസ്, മിനി സിവിൽസ്റ്റേഷൻ, കോഴിക്കോട് – 673 573.
2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, താമരശ്ശേരി, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19/01/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14/02/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14/03/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26/04/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22/05/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27/05/2019 |
| ഹിയറിംഗ് നടന്ന തീയതി | 09.11.2021 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ് 22/05/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 27.05.2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1397(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 19/01/2019–ൽ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 14/02/2019–ന് മറുപടിയും നൽകിയിട്ടുണ്ട്.

4. ഹർജിക്കാരന്റെ 14/03/2019–ലെ അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 26/04/2019–ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 27/10/2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ടി ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ 21/01/2019 തീയതി അപേക്ഷ സമർപ്പിച്ചിരുന്നെന്നും പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും അപേക്ഷകൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ജില്ലാ കലക്ടറുടെ ഓഫീസിൽ ലഭ്യമായവ നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് സഹിതം 05.02.2019 തീയതി ജില്ലാ കലക്ടർക്കും വിഷയം 2 പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കുന്നതിനായി 05/02/2019 തീയതി രാരോത്ത്, പുതുപ്പാടി വില്ലേജ് ഓഫീസർക്ക് നൽകുകയും ചെയ്തെന്നും ടി വിവരം അപേക്ഷകനെ അറിയിച്ചുകൊണ്ടും അപേക്ഷയിൽ ആവശ്യപ്പെട്ട ടി ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ ചേർത്തുകൊണ്ടും 14/02/2019 തീയതി അപേക്ഷകന് മറുപടി നൽകിയിട്ടുണ്ടെന്നും പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്. ഇതേ തുടർന്ന് അപേക്ഷകൻ 10/– രൂപ മാത്രം ഫീസ് ഒടുക്കി ചലാൻ സഹിതം 27/02/2019 തീയതി തുടർ അപേക്ഷ സമർപ്പിക്കുകയും, ആയതിന് ടി ഓഫീസിലെ എസ്.പി.ഐ.ഒ 05/03/2019–ന് മറുപടി നൽകുകയും ഒടുക്കിയ തുകയ്ക്ക് ആനുപാതികമായ പകർപ്പുകൾ അനുവദിക്കുകയും അപേക്ഷയുടെയും മറുപടിയുടെയും പകർപ്പ് ഉള്ളടക്കം ചെയ്തിട്ടു

ണ്ടെന്നും, മേൽ മറുപടിക്കെതിരെ അപേക്ഷകൻ 16/03/2019 തീയതി ടി ഓഫീസിലെ അപ്പീൽ അധികാരിയായ തഹസിൽദാർ മുമ്പാകെ അപ്പീൽ ഹർജി സമർപ്പിക്കുകയു ണ്ടായിയെന്നും പ്രസ്തുത അപ്പീൽ പരിഗണിച്ച്, അപേക്ഷകനെ 12/04/2019 തീയതിയിൽ വിചാരണയ്ക്ക് ഹാജരാകാൻ നോട്ടീസ് അയക്കുകയും എന്നാൽ അപേക്ഷകൻ വിചാര ണയ്ക്ക് ഹാജരായില്ലയെന്നും ഇതേ തുടർന്ന് എസ്.പി.ഐ.ഒ-യെ വിചാരണ ചെയ്യുകയു ണ്ടായിയെന്നുമാണ്. സർക്കാരിന് സാമ്പത്തിക നഷ്ടം വരുന്നതിനാലും വിവരാവകാശ നിയമം സെക്ഷൻ 7(6) പ്രകാരമുള്ള കാലതാമസം വരാത്തതിനാലും ആവശ്യപ്പെട്ട മുഴു വൻ വിവരങ്ങളും സൗജന്യമായി ലഭിക്കണമെന്ന അപ്പീൽ വാദിയുടെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നും, സെക്ഷൻ 6(3) പ്രകാരം അപേക്ഷയുടെ പകർപ്പ് മറ്റ് ഓഫീസി ലേയ്ക്ക് കൈമാറിയ എസ്.പി.ഐ.ഒ-യുടെ നടപടിയിൽ അപാകതയില്ലെന്നും, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന കക്ഷിയുടെ ആവശ്യം നിലനിൽക്കുന്നതല്ലെന്നും അടങ്കൽ പകർപ്പിന് അപേക്ഷകൻ 283/- രൂപ ഒടുക്കേണ്ടതാണെന്നും, കുടിയേറ്റക്കാരെ ഒഴിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് കലക്ടറേറ്റിൽ നിന്നും ലഭ്യമായ കത്തിന്റെ പകർപ്പ് 15 ദിവസത്തിനകം അപേക്ഷകന് നൽകേണ്ടതാണെന്നും, അപേക്ഷകനോട് ഫീസ് ഒടുക്കാൻ ആവശ്യപ്പെടുമ്പോൾ എത്ര രേഖക്കുള്ളതാണെന്നും ഫീസ് എന്ന വിവരം കൂടി നൽകേണ്ട താണെന്നും നിർദ്ദേശം നൽകിക്കൊണ്ട് 26/04/2019 തീയതി അപ്പീൽ തീർപ്പാക്കി ഉത്തരവാ യിട്ടുള്ളതാണെന്നും ടി ഉത്തരവിന്റെ പകർപ്പ് അപ്പീൽ അപേക്ഷകനും എസ്.പി.ഐ.ഒ- മാർക്കും നൽകിയിട്ടുണ്ടെന്നും അപേക്ഷകൻ രണ്ടാം അപ്പീലിൽ ഉന്നയിച്ച പ്രകാരം ലഭ്യമായ വിവരങ്ങൾ ഒന്നും തന്നെ മറച്ചുവെച്ചിട്ടില്ലെന്നും വിവരാവകാശ നിയമപ്രകാര മുള്ള ഫീസ് ഒടുക്കാൻ മാത്രമേ അപേക്ഷകനോട് ആവശ്യപ്പെട്ടിട്ടുള്ളൂവെന്നും അപേക്ഷ കൻ സമർപ്പിച്ച ഒന്നാം അപ്പീൽ പരാതി യഥാവിധി തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നുമാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരമുള്ള വിവരം ഹർജിക്കാരന് നൽകണമെന്ന് 09/11/2021-ന് നടന്ന ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകുകയു ണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 09–ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV